ഉത്തരം

(എ) തമിഴ്നാട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് സമർപ്പിച്ചതായി പറയുന്ന 3-6-2014-ലെ നിവേദനത്തിലെ വിശദാംശങ്ങൾ അറിയിച്ചുകൊണ്ട് കേന്ദ്രസർക്കാരിൽ നിന്നും അറിയിപ്പുകളൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല. കാവേരി മാനേജ്മെന്റ് ബോർഡ് രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് ബഹു. സുപ്രീം കോടതിയിൽ ഹർജി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഹർജിയുമായി ബന്ധപ്പെട്ട് കേരളം ഫയൽ ചെയ്ത സത്യവാങ്മൂലത്തിൽ കാവേരി നദീജല തർക്ക ട്രൈബ്യൂണലിന്റെ അന്തിമവിധിക്കെതിരെ സംസ്ഥാനങ്ങൾ ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുള്ള സിവിൽ അപ്പീലുകളിൽ അന്തിമ തീർപ്പ് ഉണ്ടാകുന്നതുവരെ തമിഴ്നാടിന്റെ ആവശ്യം അംഗീകരിക്കേണ്ടതില്ലെന്ന് സൂചിപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും അറിയിപ്പ് ലഭിക്കാത്ത സാഹചര്യത്തിൽ ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാടുകൾ ബഹു. പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) മുല്ലപ്പെരിയാർ വിഷയത്തിൽ ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച 7-5-2014-ലെ വിധിന്യായത്തിൽത്തന്നെ മേൽനോട്ട സമിതിയുടെ ചെയർമാനായി കേന്ദ്ര ജല കമ്മീഷന്റെ പ്രതിനിധിയെ നിയോഗിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ പ്രത്യേകമായി അഭിപ്രായം അറിയിക്കേണ്ട ആവശ്യമുള്ളതായി കാണുന്നില്ല.

(സി) നെയ്യാർഡാമിലെ വെള്ളം വിട്ടുനൽകണമെന്ന തമിഴ്നാടിന്റെ വാദം കേരള സർക്കാർ അംഗീകരിച്ചിട്ടില്ല. കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിലെ വ്യവസ്ഥ പ്രകാരം നെയ്യാറിൽനിന്നും നൽകുന്ന ജലത്തിന് വില ഈടാക്കിക്കൊണ്ടും ഇരു സംസ്ഥാനങ്ങളും തമ്മിൽ കരാറിൽ ഏർപ്പെട്ടുകൊണ്ടും മാത്രമേ തമിഴ്നാടിന് നെയ്യാറിൽനിന്നും ജലം നൽകുന്നതിന് നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ കേരള നിയമസഭ പാസ്സാക്കിയിട്ടുള്ള പ്രമേയത്തിലെ നിർദ്ദേശങ്ങളും ബാധകമാക്കേണ്ടതുണ്ട്. ഈ വിഷയത്തിലുള്ള സർക്കാർ നിലപാട് 17-11-2005-ലെ 23723/ISWC2/2005/WRD കത്ത് പ്രകാരം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

പമ്പ, അച്ചൻകോവിൽ-വൈപ്പാർ നദീസംയോജന പദ്ധതി

64 (7623) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴ്നാട് മുഖ്യമന്ത്രി 3-6-2014-ൽ പ്രധാനമന്ത്രിക്ക് നൽകിയ നിവേദനത്തിൽ പറയുന്ന പമ്പ, അച്ചൻകോവിൽ-വൈപ്പാർ നദീസംയോജന പദ്ധതി സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണ് ; പ്രസ്തുത നിലപാട് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) നദീസംയോജനം സംബന്ധിച്ച് സുപ്രീം കോടതിയിൽ ഉണ്ടായിരുന്ന പൊതുതാൽപ്പര്യ ഹർജിയിൽ എന്ത് ഉത്തരവാണ് സുപ്രീം കോടതി നൽകിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത കേസിൽ സംസ്ഥാനം കക്ഷി ചേർന്നിരുന്നോ ; പ്രസ്തുത കേസിൽ സംസ്ഥാന സർക്കാർ എന്തു നിലപാടാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) നദീസംയോജനം നടപ്പാക്കുന്നത് സംബന്ധിച്ച് സുപ്രീം കോടതി ഉത്തരവു പ്രകാരം കേന്ദ്ര ജലവിഭവ മന്ത്രാലയം പ്രത്യേക കമ്മിറ്റിയെ ചുമതല പ്പെടുത്തിയിട്ടുണ്ടോ ; പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണ് ; കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച് സംസ്ഥാനത്തിന്റെ നിലപാട് എന്താണ് ; പ്രസ്തുത കമ്മിറ്റിയെ സംസ്ഥാനം അംഗീകരിക്കുന്നുണ്ടോ ;

(ഡി) അന്തർസംസ്ഥാന നദികൾ ദേശസാൽക്കരിക്കണമെന്ന നിവേദനത്തിലെ തമിഴ്നാടിന്റെ ആവശ്യം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണ് ; ഇത് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) അച്ചൻകോവിൽ-പമ്പ-വൈപ്പാർ നദീസംയോജനം സംബന്ധിച്ച് സുപ്രീം കോടതിയുടെ വിധി പുനഃപരിശോധിക്കുന്നതിന് ഹർജി നൽകാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീസംയോജന പദ്ധതി കേരളത്തിന് ഗുണകരമല്ലാത്തതിനാൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിന് വിയോജിപ്പാണുള്ളത്. പ്രസ്തുത പദ്ധതി നടപ്പാക്കേണ്ടതില്ലെന്ന കേരളത്തിന്റെ അഭിപ്രായം ദേശീയ ജലവികസന ഏജൻസിയുടെ വിവിധ യോഗങ്ങളിൽ കേരളം വ്യക്തമാക്കിയിട്ടുണ്ട്.

(ബി) രാജ്യത്തെ നദികളെ തമ്മിൽ ബന്ധിപ്പിക്കാനുള്ള പദ്ധതിയുമായി ബന്ധപ്പെട്ട് WP (C) 512 of 2002 "Re:Net-working of Rivers"with WP(C) No.68 of 2002 എന്ന കേസ് ബഹു. സുപ്രീംകോടതിയിൽ ഉണ്ടായിരുന്നു. കേരളത്തിലെ നദികളായ പമ്പയെയും അച്ചൻകോവിലിനെയും തമ്മിൽ ബന്ധിപ്പിച്ച് തമിഴ്നാട്ടിലേക്ക് ജലം കൊണ്ടുപോകുന്നതിന് പദ്ധതി നടപ്പാക്കാൻവേണ്ടി തമിഴ്നാട് സുപ്രീംകോടതിയിൽ അഫിഡവിറ്റ് ഫയൽ ചെയ്തിരുന്നു. ഇതിനെതിരെ കേരളം എതിർകക്ഷിയായി ചേർന്ന് കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തു. പ്രസ്തുത ലിങ്ക് പദ്ധതിക്കെതിരെ ശക്തമായ നിലപാടാണ് ഈ കേസിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചിരുന്നുത്. പ്രസ്തുത കേസിൽ ബഹു. സുപ്രീംകോടതി 27-2-2012-ൽ അന്തിമവിധി പുറപ്പെടുവിക്കുകയുണ്ടായി. ബഹു. സുപ്രീംകോടതി വിധിയിലൂടെ കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രി അദ്ധ്യക്ഷനായ ഒരു സ്പെഷ്യൽ കമ്മിറ്റി രൂപീകരിക്കണമെന്ന് കേന്ദ്രസർക്കാരിന് സുപ്രീംകോടതി നിർദ്ദേശം നൽകി. ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന "Special Committee for Interlinking of rivers" നദീസംയോജനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ Planning -ഉം Construction -നും Implementation-നും നടപ്പാക്കണമെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത കേസിൽ നദീസംയോജനവുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ ചീഫ് സെക്രട്ടറിയോ അദ്ദേഹത്തിന്റെ പ്രതിനിധിയോ അംഗങ്ങളായിരിക്കണമെന്നും ടി കേസ് കോടതി പരിഗണിക്കുന്ന അവസരത്തിൽ കോടതി മുമ്പാകെ സമർപ്പിച്ച വിദഗ്ദ്ധ സമിതികളുടെ റിപ്പോർട്ടുകളും ബഹു. കോടതി മുമ്പാകെ സമർപ്പിക്കപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ടുകളും കമ്മിറ്റി പരിഗണിക്കേണ്ടതാണെന്നും അവ അപഗ്രഥിച്ചു മാത്രമേ പദ്ധതി നടപ്പാക്കുന്നതിനുള്ള പ്ലാൻ തയ്യാറാക്കാവൂ എന്നും കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

(സി) നദീസംയോജനം നടപ്പാക്കുന്നത് സംബന്ധിച്ച് ബഹു. സുപ്രീം കോടതിയുടെ 27-2-2012-ലെ ഉത്തരവുപ്രകാരം കേന്ദ്ര ജലവിഭവ മന്ത്രാലയം പ്രത്യേക കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര ജലവിഭവ മന്ത്രാലയത്തിന്റെ ഓഫീസ് മെമ്മോറാണ്ടം നം. 2/11/2012 ബി എം 683-707 തിയതി 6-5-2013 പ്രകാരമാണ് ഈ പ്രത്യേക കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുള്ളത്.

പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ താഴെപ്പറയുന്നവരാണ് :

(എ) ബഹു. കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രി.

(ബി) കേന്ദ്ര ജലവിഭവ വകുപ്പ് സെക്രട്ടറി

(സി) കേന്ദ്ര വനം-പരിസ്ഥിതി വകുപ്പ് സെക്രട്ടറി.

(ഡി) ചെയർമാൻ, കേന്ദ്ര ജല കമ്മീഷൻ

(ഇ) ഡയറക്ടർ ജനറൽ, ദേശീയ ജലവികസന ഏജൻസി-മെമ്പർ സെക്രട്ടറി.

(എഫ്) കേന്ദ്ര ജലവിഭവ മന്ത്രാലയം, കേന്ദ്ര ധനകാര്യ മന്ത്രാലയം, കേന്ദ്ര ആസൂത്രണ കമ്മീഷൻ, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം എന്നിവിടങ്ങളിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഓരോ വിദഗ്ദ്ധൻ വീതം

(ജി) ആന്ധ്രാപ്രദേശ്, ഗുജറാത്ത്, കർണ്ണാടകം, മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര, ഝാർഖണ്ഡ്, ബീഹാർ, ഹരിയാന എന്നീ സംസ്ഥാനങ്ങളുടെ ജലവിഭവ വകുപ്പ് മന്ത്രിമാരും ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാരും പുതുച്ചേരിയുടെ ബഹു. മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയും

(എച്ച്) ഗുജറാത്ത്, രാജസ്ഥാൻ, തമിഴ്നാട്, ഒറീസ്സ, പശ്ചിമബംഗാൾ, ഝാർഖണ്ഡ്, ഉത്തരാഖണ്ഡ്, ഡൽഹി, ആസ്സാം, ബീഹാർ, ഹരിയാന, ഛത്തീസ്ഗഡ്, കേരളം, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളുടെ ചീഫ് സെക്രട്ടറിമാരോ അദ്ദേഹം ചുമതല പ്പെടുത്തുന്ന പ്രിൻസിപ്പൽ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനോ.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) കേന്ദ്രജലവിഭവ മന്ത്രാലയം, കേന്ദ്രധനകാര്യ മന്ത്രാലയം, കേന്ദ്രആസൂത്രണ കമ്മീഷൻ, കേന്ദ്ര വനം-പരിസ്ഥിത മന്ത്രാലയം എന്നിവിടങ്ങളിൽനിന്നും നാമനിർദ്ദേശം ചെയ്യപ്പെടുന്ന രണ്ട് വീതം സാമൂഹ്യ പ്രവർത്തകരും.

(ജെ) ശ്രീ. രഞ്ജിത്ത് കുമാർ (അമിക്കസ് ക്യൂറി).

കമ്മിറ്റി രൂപീകരിച്ച് ഉത്തരവായെങ്കിലും കമ്മിറ്റിയുടെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. സുപ്രീംകോടതി നിർദ്ദേശ പ്രകാരമുള്ള കമ്മിറ്റിയുടെ മീറ്റിംഗുകളിൽ സംസ്ഥാന സർക്കാരിന്റെ പരാമർശ വിഷയത്തിലുള്ള നടപടികൾ ഇനിയും അറിയിക്കാൻ കഴിയുന്നതാണ്. പ്രസ്തുത കമ്മിറ്റിയെ സംസ്ഥാനം അംഗീകരിക്കുന്നുണ്ട്. അതിനാൽത്തന്നെ കേരള സർക്കാർ 12-3-2013-ൽ പുറപ്പെടുവിച്ചിട്ടുള്ള ജി.ഒ. (ആർ.റ്റി)നമ്പർ 276/2013/ഡബ്ല്യൂ. ആർ. ഡി. ഉത്തരവുപ്രകാരം ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ കേരളത്തിന്റെ പ്രതിനിധിയായി സ്പെഷ്യൽ കമ്മിറ്റിയിലേക്ക് നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. പ്രസ്തുത സ്പെഷ്യൽ കമ്മിറ്റിയിൽ കേരളത്തിന്റെ പ്രതിനിധിയായി കേരള ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) പരാമർശ വിധേയമായ നിവേദനത്തിന്റെ പകർപ്പ് സംസ്ഥാന സർക്കാരിന് ലഭ്യമായിട്ടില്ല. ഈ വിഷയത്തിൽ കേന്ദ്ര സർക്കാരിൽനിന്നും അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഒരു തീരുമാനമെടുത്ത് കേന്ദ്രസർക്കാരിന് മറുപടി നൽകാൻ നിർവ്വാഹമുള്ളൂ. എന്തായാലും കേരളത്തിന് ഗുണകരമല്ലാത്ത കാര്യങ്ങളിൽ സംസ്ഥാനത്തിന്റെ വിയോജിപ്പ് അറിയിക്കണമെന്നുള്ളതാണ് ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട്.

(ഇ) നദീജല സംയോജനം സംബന്ധിച്ച് സുപ്രീംകോടതി വിധിയിൽ ഒരു സ്പെഷ്യൽ കമ്മിറ്റിയാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഇതിൽ കേരളത്തിന്റെ പ്രതിനിധിയായ സംസ്ഥാന ജലവിഭവ വകുപ്പ് സെക്രട്ടറിയുമുണ്ട്. ഈ കമ്മിറ്റി മുമ്പാകെ കേരളത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കാവുന്നതാണ്.

ഖനന നിയന്ത്രണം

65 (7624) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരിസ്ഥിതിക പ്രശ്നങ്ങളുടെ പേരിൽ മണൽ, പാറ എന്നിവയുടെ ഖനനത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിനാൽ നിർമ്മാണ മേഖലയ്ക്ക് അസംസ്കൃത വസ്തുക്കൾ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly